## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **2513** **19.06.2013** -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയ നടപടി

**ചോദ്യം**

**ശ്രീ. കെ.കെ.ജയചന്ദ്രൻ**

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റാൻ തീരുമാനിച്ചത് ഏതു സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ഉദ്യോഗദായകന്റെ ആവശ്യത്തിനനുസരിച്ചുള്ള പരിശീലനം ലഭിച്ചതും തൊഴിലിൽ നൈപുണ്യമുള്ളവരുമായ ഉദ്യോഗാർത്ഥികളെ നൽകുക എന്നതാണ് എംപ്ലോയബിലിറ്റി സെന്റർ എന്ന നൂതന പദ്ധതി ലക്ഷ്യമാക്കുന്നത്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റിയപ്പോൾ എന്തൊക്കെ കാര്യങ്ങളാണ് പുതിയതായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും വ്യത്യസ്ത അസ്തിത്വങ്ങളാണ്. നിലവിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കേന്ദ്രീകരിച്ചാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചിയും കഴിവും പലവിധ ഘട്ടങ്ങളിലൂടെ (ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്, സൈക്കോമെട്രിക് ടെസ്റ്റ്) തിരിച്ചറിഞ്ഞ്, അതിലുള്ള അഭാവം കണ്ടെത്തി, കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പരിശീലനം നൽകിക്കൊണ്ട് അവർക്ക് യോഗ്യതയുള്ള ജോലികളിൽ അവരെ പ്രാപ്തരാക്കുന്നു. |

സെക്ഷൻ ഓഫീസർ